ഉത്തരം

(എ) പരിഷ്ക്കരിച്ച പാഠപുസ്തകം, കൈപ്പുസ്തകം, ഇവയെ ആസ്പദമാക്കിയുള്ള പരിശീലനം, പരിഷ്ക്കരിച്ച മൂല്യനിർണ്ണയ സമീപനത്തെ സംബന്ധിച്ച പരിശീലനം, പ്രതിമാസ ഏകദിന ക്ലസ്റ്റർ പരിശീലനം, ശാരീരിക അവശതകൾ, പഠന വൈകല്യം എന്നിവയുള്ള കുട്ടികൾക്കായി നടപ്പാക്കപ്പെടുന്ന ഐ.ഇ.ഡി.സി. പദ്ധതി പ്രകാരമുള്ള പരിശീലനം എന്നിവയാണ് അദ്ധ്യാപകർക്ക് നിലവിലുള്ള പരിശീലന പദ്ധതികൾ.

(ബി) സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി എല്ലാ ബ്ലോക്കുകളിലും ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും എസ്.എസ്.എ. ഫണ്ടിൽ നിന്ന് വാങ്ങി നൽകി ഡയറ്റുകളെ ശക്തിപ്പെടുത്തി അധ്യാപക പരിശീലനത്തിനായി നിയോഗിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റിൽ നിന്ന് കഴിഞ്ഞ വർഷം എസ്.എസ്.എ. പദ്ധതിക്കായി 49.66 കോടി രൂപ ലഭിച്ചു. അധ്യാപക പരിശീലനത്തിനായി 445 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ഇ) 1685 ലക്ഷം രൂപയാണ് 2004-2005 വർഷത്തേയ്ക്ക് അധ്യാപക പരിശീലനത്തിനായി നീക്കിവെച്ചിട്ടുള്ള അടങ്കൽ തുക. ഇതിൽ 75% കേന്ദ്ര സഹായമാണ്.

(എഫ്) എല്ലാ ജില്ലകളിലും ഡയറ്റുകളും ബ്ലോക്ക് റിസോഴ്സ് സെന്ററുകളും അധ്യാപക പരിശീലന പരിപാടി ആരംഭിച്ചു കഴിഞ്ഞു.

തീരദേശ റോഡ് പദ്ധതി

229 [373] ശ്രീ. സി. കെ. നാണു:

„ കെ. പി. മോഹനൻ:

„ എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) തീരദേശ റോഡ് പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം പ്രധാനപ്പെട്ട സ്ഥലങ്ങളിലൂടെയാണ് ഈ റോഡ് കടന്നു പോകുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൊന്നാനി മുതൽ കോഴിക്കോടുവരെയുള്ള ഒരു റോഡ് (വെസ്റ്റ് കോസ്റ്റ് ഹൈവേ) പരിഗണനയിലുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് RBDCK ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന സ്ഥാപനം മുഖേന ഒരു സാദ്ധ്യതാ പഠനം നടത്തി റൂട്ട് നിജപ്പെടുത്തിയിട്ടുണ്ട്. മൊത്തമുള്ള 65 കി.മി. ദൂരത്തിൽ ഉദ്ദേശം 55 കി.മി. വരെ കല്ലിട്ട് ഫീൽഡിൽ മാർക്കു ചെയ്തിട്ടുണ്ട്.

(സി) ഈശ്വരമംഗലം (പൊന്നാനി)–താനൂർ, കടലുണ്ടി, ബേപ്പൂർ, ബീച്ച് റോഡ് വഴി പുതിയാപ്പ, വെങ്ങാലി തുടങ്ങിയ സ്ഥലങ്ങൾ വഴിയാണ് ഈ റോഡ് നിർമ്മിക്കാനുദ്ദേശിക്കുന്നത്.

പാഠ്യപദ്ധതി പരിഷ്ക്കരണവും അദ്ധ്യാപക പരിശീലനവും

230 [374] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുവിദ്യാഭ്യാസ രംഗത്തെ പാഠ്യപദ്ധതി പരിഷ്ക്കരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇപ്പോൾ സർവ്വീസിലുള്ള അദ്ധ്യാപകർക്ക് പുതുക്കിയ പാഠ്യപദ്ധതിപ്രകാരം ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ;

(സി) പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പുതുക്കിയ പാഠ്യപദ്ധതി പ്രകാരമുള്ള പരിശീലനം എല്ലാ അദ്ധ്യാപകർക്കും നിർബന്ധമായും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. പത്താംതരം പാഠ്യ പദ്ധതിയിൽ പരിഷ്ക്കരിച്ചതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ ഇപ്പോൾ നടന്നു വരുന്നു. ഇത് ജൂലൈ അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly